ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) തിരുവനന്തപുരം ജില്ലയിൽ വെള്ളായണിക്കായലും കൊല്ലം ജില്ലയിൽ ശാസ്താംകോട്ട കായലും ആണ് ശുദ്ധജലവിതരണത്തിനുള്ള സ്ഥിരം സ്രോതസ്സായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ഇ) ഉദ്ദേശിക്കുന്നുണ്ട്.

(എഫ്, ജി) വെള്ളായണിക്കായലിലെ ജലത്തിന്റെ അളവ്, ഗുണനിലവാരം, കായലിന്റെ സംരക്ഷണം ഇവയെക്കുറിച്ച് വിശദമായ പഠനം ഭൗമകേന്ദ്രം മുഖേന നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനം മുഖേന കായലിന്റെ വൃഷ്ടി പ്രദേശം 38.03 ച. കി. മീ. ആണെന്നും ഈ പ്രദേശം സംരക്ഷിച്ചാൽ മാത്രമേ കുടിവെള്ള പദ്ധതിക്കാവശ്യമായ വെള്ളം ലഭ്യമാകൂ എന്നും, സമീപ പ്രദേശങ്ങൾ കാർഷിക മേഖല ആയതിനാൽ കീടനാശിനികളുടേയും രാസ വളത്തിന്റെയും ഉപയോഗം നിയന്ത്രിക്കേണ്ടതാണെന്നും മനസ്സിലാക്കി. ആയതിനാൽ വൃഷ്ടി പ്രദേശമായ 38.03 ച. കി. മീ. സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, കായലിന്റെ വിസ്തൃതി 742 ഏക്കറായി അളന്ന് തിട്ടപ്പെടുത്തി വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതാണെന്നുമുള്ള ആവശ്യം തിരുവനന്തപുരം ജില്ലാ കളക്ടറുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കാനാകും.

കിണറുകളിലെ ജലം ശുദ്ധീകരിച്ച് നൽകാൻ നടപടി

108 [5373] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലെ കിണറുകളിലെ ജലം ശുദ്ധീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൽ കിണറുകളിലെ ജലം ശുദ്ധീകരിക്കാനായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ ഈ സംരംഭത്തിന് സർക്കാർ നൽകുന്ന സഹായസഹകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്വജൽധാരാ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതികളുടെ നിർമ്മാണം

109 [5374] ശ്രീമതി മേഴ്സി രവി:
ശ്രീ. ഡി. സുഗതൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. കെ. മണി:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വജൽധാരാ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് എപ്രകാരമാണ് നടപ്പാക്കുന്നത്;

(ബി) നാളിതുവരെ എത്ര സൊസൈറ്റികളും മറ്റ് ഏജൻസികളും ഇതനുസരിച്ച് ഉള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള സഹായത്തിനായി വാട്ടർ അതോറിറ്റി ഓഫീസുകളെ സമീപിച്ചിട്ടുണ്ട്;

(സി) എത്ര സൊസൈറ്റികളും ഏജൻസികളും ബന്ധപ്പെട്ട പദ്ധതി ചെലവിന്റെ 10% തുക ബാങ്കിലടച്ചിട്ടുണ്ട്;

(ഡി) എത്ര സൊസൈറ്റികളും ഏജൻസികളും ഈ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഗ്രാമീണ ജനതയ്ക്ക് വേണ്ടി അവർതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് സ്വജൽധാര. 90% കേന്ദ്ര സഹായമുള്ള ഈ പദ്ധതിക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ ചാരിറ്റ ബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃസമിതികൾക്കോ അപേക്ഷ നൽകാവുന്നതാണ്. ഗുണഭോക്തൃ വിഹിതമായി സ്വരൂപിക്കേണ്ട 10% തുകയിൽ 5% പണമായി ഗുണഭോക്താക്കളിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly